**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1379** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>എൻഫോഴ്സ്മെൻറ് സ്ക്വാഡുകളുടെ 24 മണിക്കൂർ പരിശോധന</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളും നിർത്തലാക്കി പകരം എൻഫോഴ്സ്മെൻറ് സ്ക്വാഡുകളുടെ 24 മണിക്കൂർ പരിശോധന നടപ്പാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** അതിർത്തിയിൽ GST സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ വിവരങ്ങൾ ഉപയോഗിച്ച് വെർച്വൽ ചെക്പോയിന്റുകൾ ആരംഭിക്കുന്ന നടപടികൾ പൂർത്തീകരിച്ച് വരുകയാണ്. ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി നിലവിലെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ നിർത്തലാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു.

**(ബി)** സംസ്ഥാനത്ത് റോഡ് സുരക്ഷാ ബോധവൽക്കരണം നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് റോഡ് സുരക്ഷാ ബോധവൽക്കരണ പദ്ധതികൾ നിലവിൽ നടത്തി വരുന്നുണ്ട്. കൂടാതെ റോഡ് സുരക്ഷാ പദ്ധതികളുടെ ഭാഗമായി സ്കൂളുകൾ, ആശുപത്രികൾ, വ്യാപാര കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപം സുരക്ഷിതമായ സീബ്രാ ക്രോസിങ്ങുകൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ജനുവരി മാസം റോഡ് സുരക്ഷാ മാസമായി ആചരിച്ച് വരുന്നു. കൂടാതെ കൃത്യമായ ട്രാഫിക് ബോധവൽക്കരണ പരിപാടി, എൻഫോഴ്സ്മെന്റ് ശക്തമാക്കൽ, ബ്ലാക് സ്പോട്ടുകൾ കണ്ടെത്തി ആയതിന് അപകടം കുറയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ മറ്റ് വകുപ്പുകളുമായി സംയോജിച്ച് നടപ്പിലാക്കി വരുന്നു.

**(സി)** സംസ്ഥാനത്തെ ആർ.ടി ഓഫീസുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** വിവരം ക്രോഡീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**